പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3099 15.02.2013 ലെ മറുപടിയ്ക്ക്

## സിവിൽ സപ്ളൈസ് വകുപ്പിലെ അഴിമതി സംബന്ധിച്ച വിജിലൻസ് അന്വേഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.കെ.ദാസൻ | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും, പൊതുവിതരണവും, ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സിവിൽ സപ്ളൈസ് വകുപ്പിൽ വ്യാപകമായി ക്രമക്കേടും അഴിമതിയും നടക്കുന്നു എന്ന പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ; | (എ) സിവിൽ സപ്ളൈസ് വകുപ്പിൽ ചില ക്രമക്കേടുകളും അഴിമതിയും നടക്കുന്നതു സംബന്ധിച്ച പരാതികളും, പത്രമാധ്യമങ്ങളിലെ റിപ്പോർട്ടും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഭിക്കുന്ന പരാതികളിൽ നടപടി സ്വീകരിക്കാറുണ്ട്. |
| (ബി) ഇതു സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് തൃശ്ശൂർ വിജിലൻസ് കോടതി ഉത്തരവിട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ;<br><br>(സി) ആരുടെയെല്ലാം പേരിലാണ് അന്വേഷണത്തിന് കോടതി ഉത്തരവിട്ടിട്ടുള്ളത്; | (ബി) & (സി)<br>സിവിൽ സപ്ളൈസ് വകുപ്പിലെ അഴിമതി സംബന്ധിച്ച് ശ്രീ.ബേബിച്ചൻ മുക്കാടൻ, റേഷൻ ഡീലേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി സമർപ്പിച്ച സി.എം.പി.800/2012 എന്ന ഹർജിയിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ബഹുമാനപ്പെട്ട എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ 2013 ജനവരി 10-ന് ഉത്തരവിട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് ഒരു സത്വരാന്വേഷണം (ക്യു.വി. 02/2013/സി.ആർ.ഇ.) നടന്നു വരുന്നു. താഴെ പറയുന്നവർക്കെതിരെയാണ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുള്ളത്.<br><br>1) ശ്രീ.ബിജു മറ്റപ്പള്ളി<br>സംസ്ഥാന സെക്രട്ടറി, |

| | |
|---|---|
| | കേരളാ കോൺഗ്രസ്(ജേക്കബ്)<br><br>2) ശ്രീ.ജോണി നെല്ലൂർ,<br>എക്സ്.എം.എൽ.എ.<br>സംസ്ഥാന ചെയർമാൻ<br>കേരളാ കോൺഗ്രസ്(ജേക്കബ്)<br><br>3) ശ്രീ.രാധാകൃഷ്ണൻ<br>പ്രൈവറ്റ് സെക്രട്ടറി,<br>ബഹു: ഭക്ഷ്യ സിവിൽ സപ്ലൈസ്<br>വകുപ്പ് മന്ത്രി.<br><br>4) ശ്രീ.സി.മോഹനൻ പിള്ള<br>ജനറൽ സെക്രട്ടറി,<br>കേരളാ കോൺഗ്രസ്(ജേക്കബ്)<br>5) ശ്രീമതി.ശ്രീലത,<br>അക്കൗണ്ട്സ് ഓഫീസർ<br>സിവിൽ സപ്ലൈസ് ഡയറക്ടറേറ്റ്.<br>6) ശ്രീ.അനൂപ് ജേക്കബ്<br>ബഹു: ഭക്ഷ്യ സിവിൽ സപ്ലൈസും<br>ഉപഭോക്തൃസംരക്ഷണവും ,<br>രജിസ്ട്രേഷനും വകുപ്പ് മന്ത്രി. |
| (ഡി) ഇത്തരം പരാതിക്കാധാരമായ കാര്യങ്ങൾ സംബന്ധിച്ച് പരിശോധിക്കുകയുണ്ടായോ; എങ്കിൽ എന്താണ് കണ്ടെത്തൽ ? | ഡി) അന്വേഷണം പ്രാരംഭഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ